273 (1452) ചിറ്റൂർ ഷുഗർ ഫാക്ടറി നൽകുന്ന പർച്ചേസ് ടാക്സ്

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 വർഷങ്ങളിൽ കരിമ്പിന്റെ പർച്ചേസ് ടാക്സ് ഇനത്തിൽ ചിറ്റൂർ ഷുഗർ ഫാക്ടറി സർക്കാരിലേയ്ക്ക് ഒടുക്കിയ സംഖ്യ എത്രയാണ്;

(ബി) ഇതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1997-98 വർഷത്തിൽ 10,92,460 രൂപയും 1998-99 വർഷത്തിൽ 19,63,793 രൂപയും ഒടുക്കിയിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് കമ്മിഷണർ പാലക്കാട് ഓഫീസിൽ താഴെ പറയുന്ന പ്രകാരമുള്ള തുകകൾ ചിറ്റൂർ ഷുഗർ ഫാക്ടറി ഒടുക്കിയിട്ടുണ്ട്.

1997-98		1998-99	
തീയതി	തുക	തീയതി	തുക
9.10.1997	1,422.00	8.10.1998	3,08,136.00
10.11.1997	3,34,072.00	10.11.1998	2,52,028.00
10.12.1997	3,69,771.00	10.12.1998	98,856.00
10.1.1998	3,50,563.00	10.1.1999	7,17,524.00
10.2.1998	5,478.00	9.2.1999	2,31,154.00
27.4.1998	31,154.00	10.3.1999	2,24,529.00
		25.3.1999	50,000.00
		13.2.1999	22,476.00
		29.4.1999	59,690.00
ആകെ	10,92,460.00	ആകെ	19,63,793.00

274 (1453) മലബാർ സിമെന്റ്സ് ലിമിറ്റഡിൽനിന്നും വാങ്ങുന്ന സിമെന്റിന് പ്രൈസ് പ്രിഫറൻസ്

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എം. മുരളി :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സ് ലിമിറ്റഡിൽനിന്ന് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ സിമെന്റ് വാങ്ങുമ്പോൾ പ്രൈസ് പ്രിഫറൻസ് അനുവദിക്കാറുണ്ടോ;

(ബി) ഇതിന്റെ പേരിൽ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ എന്തു തുകവീതം അധികം നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly